# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2139** **06.10.2016 ൽ മറുപടിക്ക്**

**ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് എം.തോമസ് | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നടപ്പുവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച വയനാട് ചുരത്തിന് ബദലായുള്ള ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്ക പാത നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പദ്ധതി പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ പാത നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. പരിശോധിക്കുന്നതാണ്. |
| (സി) | ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ഈ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കൺസൾട്ടൻസിയുടെ നിയമനം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പദ്ധതി എന്നു തുടങ്ങുവാനും എന്ന് പൂർത്തിയാക്കാനും കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | DPR തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ